# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.708** **11/06/2014-ൽ മറുപടിക്ക്**

**മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനു നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | മാവൂർ വില്ലേജിലെ തെങ്ങിലക്കടവിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സർക്കാരിന് സൗജന്യമായി വിട്ടു കിട്ടിയ സ്ഥലം ഉപയോഗപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) | സർക്കാർ ഉത്തരവ് G.O.(MS) No.362/12/RD തീയതി 27/09/2012 പ്രകാരം കോഴിക്കോട് ജില്ലയിലെ തെങ്ങിലക്കടവിൽ സൗജന്യമായി ലഭിച്ച ആറര ഏക്കർ സ്ഥലവും കെട്ടിടവും മലബാർ കാൻസർ സെന്ററിന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവിടെ ഒരു സബ്-സെന്റർ സ്ഥാപിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുകൾ ഉണ്ടെന്നാണ് MCC അറിയിച്ചത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗത്തിന്റെ ഒരു സെന്റർ ഇവിടെ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | തലശ്ശേരി ക്യാൻസർ സെന്ററിന് ഈ കേന്ദ്രം സ്ഥാപിക്കാൻ സാധിക്കില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ ഭൂമി ലീസിന് നൽകിയ നടപടി റദ്ദ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | തത്കാലം ഇല്ല. |
| (സി) | പ്രസ്തുത സ്ഥലത്ത് കേന്ദ്രം അനുവദിക്കുന്ന ക്യാൻസർ സെന്റർ ആരംഭിക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ